A

# സമഗ്ര ശിക്ഷാ, കേരളം

1002

## പാദവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് : 10 | സമയം : 1½ മണിക്കൂർ

### കേരളപാഠാവലി

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

**(4 x 1 = 4)**

1. 'ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല.' *(പാവങ്ങൾ)*

   മെത്രാന്റെ ഈ സംഭാഷണത്തിലെ ആശയത്തിന് യോജിക്കുന്ന വാക്യമേത്?
   - ജീവിതത്തിൽ പരമാവധി ലാളിത്യം ശീലിക്കുക.
   - മരംകൊണ്ടുള്ള മുള്ളും കയ്‌ലും ഉപേക്ഷിക്കുക.
   - എപ്പോഴും പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുക.
   - ഭക്ഷണം കഴിക്കുന്നതിന് നല്ല പാത്രങ്ങൾ മാത്രം ഉപയോഗിക്കുക.

2. 'എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി' *(ഋതുയോഗം)*
   ശകുന്തള ഇപ്രകാരം പറയാൻ കാരണമെന്ത്?
   - മുദ്രമോതിരം ആവശ്യത്തിന് ഉപകരിക്കാത്തതുകൊണ്ട്
   - ദുഷ്ഷന്തൻ വാക്കുപാലിക്കാതിരുന്നതിനാൽ
   - ആഭരണങ്ങളിൽ താല്പര്യം ഇല്ലാത്തതുകൊണ്ട്
   - ദുഷ്ഷന്തന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമില്ലാത്തതുകൊണ്ട്

3. 'കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ?' *(വിശ്വരൂപം)*
   ഈ വാക്കുകളിലെ ആശയത്തിന് യോജിക്കുന്ന പഴഞ്ചൊല്ല് ഏത്?
   - പാല് കൊടുത്ത കൈയ്ക്ക് കൊത്തുക
   - വിതച്ചതേ കൊയ്യൂ
   - കൊടുത്തത് ചോദിച്ചാൽ അടുത്തത് പക
   - ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

4. ഭാവശാലികൾ പിരിഞ്ഞു കൂടിയാ-
   ലീവിധം വികലമാം സുഖോദയം *(പ്രിയദർശനം)*

   ഇവിടെ ഭാവശാലികൾ എന്ന പദത്തിന്റെ അർഥം ഏത് ?
   - ഒന്നിച്ചു പഠിച്ചവർ
   - സന്യാസജീവിതം നയിക്കുന്നവർ
   - ശത്രുതയുള്ളവർ
   - സ്നേഹമുള്ളവർ

5. അയാൾക്കു പിന്നിൽ <u>ഇരുമ്പഴിവാതിൽ</u> അടയുന്നു.
അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം ഏത്?

- ഇരുമ്പഴിയുള്ള വാതിൽ
- ഇരുമ്പഴിയും വാതിലും
- ഇരുമ്പിന്റെ വാതിൽ
- ഇരുമ്പഴിയാകുന്ന വാതിൽ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(2 x 2 = 4)**

6. 'പോലീസുകാർ പോയി. ഴാങ് വാൽ ഴാങ് മോഹാലസ്യപ്പെടാൻ പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു.' *(പാവങ്ങൾ)*
ഴാങ് വാൽ ഴാങിന്റെ ഈ ഭാവമാറ്റത്തിന് കാരണമെന്താവാം? രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക.

7. 'മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി.'
*(വിശ്വരൂപം)*
മാഡം തലത്തിന്റെ ഈ വാക്കുകളുടെ പൊരുളെന്ത്? കണ്ടെത്തിയെഴുതുക.

8. 'സർവദമനാ, ഇതാ ശകുന്തലാസ്യം നോക്കൂ !' *(ഋതുയോഗം)*
താപസിയുടെ ഈ സംഭാഷണം കഥയിലെ നാടകീയത വർധിപ്പിക്കുന്നതെങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(5 x 4 = 20)**

9. 'വഹ്നിസന്തപ്തലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.' *(ലക്ഷ്മണസാന്ത്വനം)*
ഈ വരികളിലെ സാദൃശ്യകല്പനയുടെ ഭംഗി വിവരിക്കുക.

10. 'നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മ തന്നെ വളർത്തണം.' *(വിശ്വരൂപം)*
മിസിസ് തലത്തിന്റെ ഈ ഉപദേശത്തോട് പ്രതികരിച്ച് കുറിപ്പ് തയാറാക്കുക.

11. 'കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!' *(പ്രിയദർശനം)*
നളിനിയുടെ അപ്പോഴത്തെ മാനസികാവസ്ഥ വെളിപ്പെടുത്തുന്നതിന് ഈ പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. 'വായ് പൊളിക്കൂ സിംഹക്കുട്ടീ, നിന്റെ പല്ല് ഞാൻ എണ്ണട്ടെ.'
'എന്റെ അച്ഛൻ താനല്ല ദുഷ്ഷന്തനാണ്.' *(ഋതുയോഗം)*
കുട്ടിത്തത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് സർവദമനനിൽ കാണുന്നത് ?
നൽകിയ സന്ദർഭങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. 'മദാം മാഗ്ല്വാർ , ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടെയാണ്. ' പാവങ്ങളിലെ മെത്രാന്റെ ഈ കാഴ്ചപ്പാട് നമുക്ക് നൽകുന്ന ജീവിതപാഠങ്ങൾ എന്തെല്ലാം? കുറിപ്പ് തയാറാക്കുക.

14. ഋതുയോഗം എന്ന ശീർഷകം പാഠഭാഗത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** (2 x 6 = 12)

15. 'അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.'

'യജമാനന്മാരേ, കൈയിൽ പണമില്ല.' *(കടൽത്തീരത്ത്)*

നൽകിയ സൂചനകളും മറ്റ് സന്ദർഭങ്ങളും വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. "ആകയാൽ മോക്ഷാർഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്ക വേണ്ടുന്നതും"

"ക്രോധം പരിത്യജിക്കേണം ബുധജനം" *(ലക്ഷ്മണസാന്ത്വനം)*

ഇക്കാലത്തും പ്രസക്തമായ ജീവിതപാഠങ്ങളാണ് എഴുത്തച്ഛൻ പകർന്നു നൽകുന്നത്.

മുകളിൽ നൽകിയ സന്ദർഭങ്ങളും പാഠഭാഗവും പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ലഘു ഉപന്യാസം തയാറാക്കുക.

17. കവിതയിലെ ആശയം, പ്രയോഗഭംഗി, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.

**അതിജീവനം**

ഈ കുഞ്ഞുപുല്ലിന്
വേനലിനെ
അതിജീവിക്കാനാകുമോ?
'കൊന്നമരമേ,
വേനലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ
ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ ....
അല്ലെന്നാൽ
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
പച്ചയ്ക്കു തിന്നുകളയും!'

*(വീരാൻകുട്ടി)*